## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ – സിയോൻ സെമിനാരി കൊരട്ടി





കൊച്ചി ഭദ്രാസന പിതാക്കന്മാരായിരുന്ന ഭാഗ്യസ്മരണാർഹരായ ശെമവൂൻ മാർ ദിവന്നാസിയോസ്, പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്നീ തിരുമേനിമാരുടെ സംയുക്ത ഓർമ്മ പെരുന്നാൾ മെയ് 18,19 തീയതികളിൽ ഭദ്രാസന ആസ്ഥാനമായ കൊരട്ടി സിയോൻ സെമിനാരിയിൽ നടത്തപ്പെട്ടു. പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷകളിൽ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ്, യാക്കോബ് മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. പെരുന്നാളിനോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ഭദ്രാസനത്തിലെ റിട്ടയർ ചെയ്ത വൈദികരെ പൊന്നാട അണിയിച്ചു ആദരിച്ചു. ഭദ്രാസനത്തെക്കുറിച്ചുള്ള ഒരു ലഘുചരിത്ര വിവരണം ബഹു. ഓ.വി. ഏലിയാസ് അച്ചൻ ഭംഗിയായി അവതരിപ്പിച്ചു. അനുസ്മരണപ്രഭാഷണം നടത്തിയത് മുൻ വൈദിക ട്രസ്റ്റി ബഹു. ജോൺസ് എബ്രഹാം കോനാട്ട് അച്ചനായിരുന്നു.

*(ഇടയലേഖനം തുടർച്ച)*

ദർശിച്ചു. അത് അവന് പുതുജീവൻ നൽകി.

ദാരിദ്ര്യം ദുർഗതിയാണെന്നു ലോകം വ്യാഖ്യാനിക്കുന്നു. എന്നാൽ തത്വാധിഷ്ഠിതമായ ദാരിദ്ര്യം പുണ്യമാണെന്ന് ആത്മീകജീവിതശൈലി വിശദീകരിച്ചുതരുന്നു. എല്ലാം ഉപേക്ഷിക്കുന്നവന് എല്ലാം ലഭിക്കും എന്ന് ക്രിസ്തു പറഞ്ഞ വചനം ചിന്തനീയമാണ്. 'ഉള്ളവൻ' 'ഇല്ലാത്തവൻ' എന്ന പദങ്ങൾക്ക് ലോകവും രാഷ്ട്രീയ സംവിധാനങ്ങളും നൽകുന്ന നിർവ്വചനങ്ങൾ പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. എല്ലാം ത്യജിക്കുന്നവൻ ലോകത്തിന്റെ അധിപനായിമാറുന്നു. കാരണം എല്ലാം ഈശ്വരന്റേതാണെന്നും; തന്റേതായി ഒന്നുമില്ലെന്നും അവൻ തിരിച്ചറിയുന്നു. 'എന്റേത്' എന്നതാണ് അഹങ്കാരത്തിന്റെ മുഖ്യഹേതു. വിനയവും ലാളിത്യവും ഇവിടെ പൊന്നും വെള്ളിയുമായി രൂപാന്തരപ്പെടുന്നു.

'വെള്ളിയും പൊന്നും എനിക്കില്ല, എനിക്കുള്ളത് നിനക്ക് തരുന്നു. നസ്രായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക്' (അപ്പോ . പ്രവ . 3:6 ). ■

## മദർ സൂസൻ കുരുവിള



കണ്ടനാട് മാർ ഗ്രിഗോറിയോസ് ആശ്രമ സ്ഥാപക മദർ സുപ്പീരിയർ സൂസൻ കുരുവിള 91-ാം വയസ്സിൽ നിര്യാതയായി. സംസ്ക്കാരം മെയ് 31-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ ആശ്രമം ചാപ്പലിൽ നടന്നു. പരേത നമ്മുടെ ഇടവകാംഗം പുത്തൻപുരയ്ക്കൽ ശ്രീമതി. ശാന്താവർഗീസിന്റെ സഹോദരിയാണ്.

*ഇടവകയുടെ ആദരാഞ്ജലികൾ.*

Parish Members and their children who are staying out side Kerala may submit their email ID through - <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**03-06-2018 - 4 pm**
**ശ്രീമതി. എൽസി ജോബ്**
തോലത്ത് ഹൗസ്,
എൽ. എഫ്. സി. റോഡ്, കലൂർ
Mob: 9846092907, 9946233222

**St. Marys Unit (Central Area)**
**10-06-2018 - 4 pm**
**ശ്രീമതി. അന്നമ്മ ജോർജ്ജ്**
പുള്ളാന്നിമണ്ണിൽ, കോന്തുരുത്തി
റോഡ്. തേവര
Ph: 2663379, Mob: 9446809435

**St. Gregorios Unit (Elamkulam-Kadavanthra Area) 24-06-2018 - 4 pm**
**ശ്രീ. പ്രൊ. രമണി അബ്രാഹം**
H No.84, തളിയച്ചിറ എടത്താമര
ഗിരിനഗർ, എറണാകുളം
Ph: 2316878, 9895855990




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 06 June 2018

### എഡിറ്റോറിയൽ

## അർഹിക്കുന്നവനെ സഹായിക്കുക

പലപ്പോഴും നാം അവശതകളെക്കുറിച്ചും, ആവശ്യങ്ങളെക്കുറിച്ചും മാത്രമേ ചിന്തിക്കാറുള്ളു. നിത്യജീവൻ പ്രാപിക്കുവാൻ എന്തുചെയ്യണമെന്നും മറ്റും യേശുദേവൻ പഠിപ്പിച്ചിട്ടുണ്ട് എങ്കിലും പലപ്പോഴും വിശ്വാസികളെന്ന് അഭിമാനിക്കുന്ന നാം അതിനെക്കുറിച്ചൊന്നും ഓർക്കാറേയില്ല. 'ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്...സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ' (മത്താ 6:19 ,20).

രാത്രിയിൽ മൂന്നുപേർ മരുഭൂമിയിൽ കുതിരപ്പുറത്തു യാത്ര ചെയ്ത ഒരു കഥയുണ്ട്. വെള്ളം വറ്റിക്കിടക്കുന്ന ഒരു സ്ഥലത്തെത്തിയപ്പോൾ അവർ ഒരശരീരി കേട്ടു. 'നിങ്ങൾ കുതിരപ്പുറത്തുനിന്നിറങ്ങി കുറച്ചു കല്ലുകൾ പെറുക്കി പോക്കറ്റിലിടുക. യാത്രയിൽ നേരം വെളുക്കുമ്പോൾ മാത്രം അത് എടുത്ത് നോക്കുക. നിങ്ങൾക്ക് സന്തോഷവും ദുഃഖവും ഒരുമിച്ചുണ്ടാകും'. എന്തായാലും അവർ കല്ലുകൾ പെറുക്കി പോക്കറ്റിലിട്ട് യാത്ര തുടർന്നു. നേരം വെളുത്തപ്പോൾ അവർ പോക്കറ്റിൽ നിന്ന് കല്ലുകൾ എടുത്തു നോക്കി. അവർ ആശ്ചര്യപ്പെട്ടു. എന്തെന്നാൽ കല്ലുകളെന്നു ധരിച്ചു പെറുക്കിയെടുത്തത് രത്നങ്ങളായിരുന്നു. അതുകണ്ടപ്പോൾ അവർ സന്തോഷിക്കുകയും, കൂടുതൽ പെറുക്കിയില്ലല്ലോ എന്നോർത്തു സങ്കടപ്പെടുകയും ചെയ്തു.

നിത്യജീവൻ പ്രാപിക്കുന്ന വിശ്വാസികളെ യാത്രക്കാരോട് ഉപമിക്കാം. ഭൂലോകവാസം അവസാനിച്ചു സ്വർഗ്ഗത്തിലെത്തുന്നവരുടെ ചിന്ത നമ്മുടെ മേൽപ്പറഞ്ഞ യാത്രക്കാരുടേതുപോലെയായിരിക്കും. ലോകത്തിൽ അവർ ചെയ്ത നന്മകൾ അക്കമിട്ട് അവിടെ രേഖപ്പെടുത്തിയത് കാണുകയും, അതിനുകിട്ടിയ പ്രതിഫലമോർത്ത് സന്തോഷിക്കുകയും ചെയ്യും. എന്നാൽ അവരുടെ ദുഃഖത്തിനു കാരണം 'ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നത് എനിക്കുവേണ്ടി ചെയ്തതായി കരുതണം' എന്ന് പറഞ്ഞ വചനങ്ങളൊക്കെ കേട്ടിരുന്നെങ്കിലും, ലോകജീവിതത്തിൽ കുറച്ചുകൂടെയെങ്കിലും നന്മപ്രവർത്തികൾ ചെയ്യേണ്ടതായിരുന്നു എന്നോർത്തായിരിക്കും.

സ്വർഗ്ഗത്തിൽ വിശ്വാസികളായ നമുക്കുലഭിക്കേണ്ട ആദരവുകളും, കിരീടങ്ങളും നാം തന്നെയാണ് നിശ്ചയിക്കുന്നതെന്നു കരുതണം. ഈ ലോകജീവിതത്തിൽ തന്നെ നാം അത് നിശ്ചയിക്കുവാൻ ശ്രമിക്കണം. നമുക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളും, സൗകര്യങ്ങളും അതൊന്നുമില്ലാത്തവർക്കുകൂടി ഉപയോഗിക്കുവാൻ വേണ്ടിയുള്ളതാണ്. നല്ല കാര്യങ്ങൾ ചെയ്യുവാൻ കിട്ടുന്ന ഒരവസരവും പിന്നീട് ചെയ്തുകൊള്ളാമെന്നു വിചാരിച്ചു തള്ളിക്കളയരുത്. അവസരം പിന്നെയും വന്നുകൊള്ളണമെന്നില്ല. ■

### ഇടയ ലേഖനം

## വെള്ളിയും പൊന്നും

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ സാധാരണ മനുഷ്യരും, ലോകദൃഷ്ട്ടിയിൽ ദരിദ്രരുമായിരുന്നു. അക്കാരണത്താൽ തന്നെ, അവർക്ക് സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ 'മാന്യമായ' സ്ഥാനവുമുണ്ടായിരുന്നില്ല. അത് ഒരു കുറവായി അവർക്ക് തോന്നിയിരിക്കാം! എന്നാൽ പെന്തികൊസ്തി നാളിൽ, പരിശുദ്ധാതമാവിന്റെ അമാനുഷികവും അപ്രമേയവുമായ ശക്തിവിശേഷങ്ങൾ പ്രാപിച്ചതോടെ, അവർക്ക് പുതിയ ഒരു ജീവിതദർശനം കൈവന്നു; 'ആത്മാവിൽ ദരിദ്രരായ' അവർ ഭാഗ്യവാന്മാരാണെന്ന്!

പരിശുദ്ധാത്മ നിറവുള്ള പത്രോസും യോഹന്നാനും, ഒമ്പതു മണിനേരത്തെ പ്രാർത്ഥനയ്ക്കായി ദേവാലയത്തിലേക്ക് കയറുമ്പോൾ, മുടന്തനായ ഭിക്ഷക്കാരൻ അവരോട് ഭിക്ഷ ചോദിച്ചു. അപ്പോഴാണ് യാചകന് നൽകാൻ കയ്യിൽ (ഭൗതികമായത്) ഒന്നുമില്ല എന്ന് പത്രോസ് പ്രതികരിച്ചത്. പൊന്നും വെള്ളിയും പ്രതിനിധാനം ചെയ്യുന്ന സമ്പത്തും, അധികാരവും സ്ഥാനമാനങ്ങളുമെല്ലാം ലൗകികമായി, 'പ്രതാപ' ലക്ഷണങ്ങളാണ്. അധികം മനുഷ്യരുടെയും ധാരണകളും വിലയിരുത്തലുകളും അവയിലടങ്ങിയിരിക്കുന്നതായിക്കാണാം. അവയ്ക്കുപകരം വയ്ക്കാനെന്തുണ്ടാകും? ആ രണ്ട് അപ്പോസ്തോലന്മാർക്ക് അതിനുള്ള മറുപടി തരാനാവും. 'എനിക്കുള്ളത് നിനക്ക് തരുന്നു' എന്ന വാക്യം ചിന്തനീയമാണ്. എന്താണവർക്കുണ്ടായിരുന്നത്? അപ്പോസ്തോലന്മാരും, യേശുവിന്റെ 'സാക്ഷികളും' എന്ന നിലയിൽ അവർ എന്തൊക്കെ ആയിരുന്നോ, അതാണ് അവർക്കുണ്ടായിരുന്നത്. ലോകദൃഷ്ടിയിൽ അവർ 'ഇല്ലാത്തവരാണ്' എങ്കിലും 'ഉള്ളവരാ'ണെന്ന് പത്രോസും യോഹന്നാനും അവകാശപ്പെടുന്നു. അതാണ് ആത്മീകശക്തി; അതാണ് സഭയുടെ ബലവും സമ്പത്തും. നൂറ്റാണ്ടുകളിലൂടെ പ്രതിധ്വനിക്കുന്നതാണ് പത്രോസ് ശ്ലീഹായുടെ വാക്കുകൾ.

സമ്പത്തും, വസ്തുവകകളും, അധികാരവും സഭയുടെ കരുത്താണെന്ന് കരുതുന്നുവെങ്കിൽ നമുക്ക് തെറ്റി. ഇപ്പറഞ്ഞവയെല്ലാം, സഭയ്ക്കാധാരവും, ജീർണതകൾക്കു നിമിത്തവുമായി എന്ന് സഭാ ചരിത്രം സാക്ഷിക്കുന്നു. മണലിന്മേൽ വീടുപണിയുന്നതുപോലെയാണത്. അപ്പോസ്തോലന്റെ വാക്കിനാൽ മുടന്തൻ സൗഖ്യം പ്രാപിച്ചു കുതിച്ചു ചാടി എഴുന്നേറ്റു. ഇത്തരമൊരു രംഗത്ത് പൊന്നും വെള്ളിയും ഉപയോഗശൂന്യമാണ്. ഭിക്ഷ നൽകുന്നത് ധർമ്മം തന്നെ, പക്ഷേ മുടന്തൻ എന്നും മുടന്തനായിത്തുടരും. അപ്പോസ്തോലന്മാരെ ഉറ്റുനോക്കയിൽ, മുടന്തനായ യാചകൻ ക്രിസ്തുവിന്റെ തേജസ്സും, മനസ്സലിവും

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# SEASON OF APOSTOLICS

Fr.Jiju Varghese



Once again,we are blessed with the godly experience of the pentecostal season and now its time for the preparation for entering the season of apostles.In connection with the preparation we are entering the apostolic lent, from June 16th Saturday to 29th Friday.

The Oxford dictionary definition of discipleship give, this idea,"One who takes another as his teacher and model".But Jesus Christ spoke of discipleship, He meant much more. First, disciple of Jesus Christ, we see that their call to discipleship was a call to be with Jesus.(St.Mt:4:18-20) Jesus call to discipleship is not an invitation to participate in the program or even to share in a course but to be with a person, so that he can make us into the people He wants us to be. The call to discipleship is the call to relationship. Daily relationship with Jesus is at the very heart of discipleship.Christian discipleship is not just following, teaching, keeping a set of rules or practising particular techniques, it is a journey through our life with Jesus Christ.

Apostles were the very foundation on which the church was built. Apostle, the word literally means, "one who is sent out" and also means an envoy or an ambassador.Being an Apostle is a great responsibility and we need to learn to live the life of Jesus Christ.

St. Luke 14: 26-27, says that, "Whoever comes to me cannot be my disciple unless he loves me more than he loves his father and his mother, his wife and his children his brothers and his sisters, and himself as well. Whoever does not carry his own cross and come after me cannot be my disciple". If we are willing to hear Jesus' call and ready to accept His cross, we will become His Apostle. As a true Christian, we are responsible to follow Jesus and sacrifice our personal ambitions and comfort.

For a true disciple, cross is not humiliation, but is a symbol of transformation which leads to the glorification. The Greek word for faithful is 'Pistos'. A man who is a pistos means, one who believes, is loyal and reliable. A believer, who is faithful to Jesus Christ, must follow and accept Him, through repentance, obedience & submission,which lead to salvation.

GOD's blessings falls not upon those who have power or positions, but upon those who hear the word of GOD and obey it

May God bless you all. ■

## വിശേഷ ദിവസങ്ങൾ

ജൂൺ

| | |
|---|---|
| 16 ശനി | സ്ലീഹാനോമ്പ് (13 നോമ്പ്) ആരംഭം |
| 29 വെള്ളി | മാർ പത്രോസ് മാർ പൗലോസ് ശ്ലീഹാ ഓർമ്മ<br>13 നോമ്പ് വീടൽ |
| 30 ശനി | പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ |

ജൂലൈ

| | |
|---|---|
| 3 ചൊവ്വ | മാർത്തോമാശ്ലീഹായുടെ ഓർമ്മ ദുക്റോനോ |

## മാമോദീസ

പനമ്പിള്ളിനഗർ മുത്തൂറ്റ് ശ്രീ. ജോർജ്ജ് എം. അലക്സാണ്ടറുടെയും ശ്രീമതി. രാധിക ജോർജ്ജിന്റെയും മകൻ **അലക്സാണ്ടർ ജോർജ്ജ്** 18-05-2018 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

## വി. കുർബ്ബാന സമയം

എളംകുളം ചാപ്പൽ: June. 10 - 10.00 am, June.17 - 07.00 am, June. 24 - 10.00 am, July. 01 - 07.00 am.

സെമിത്തേരിമുക്ക് ചാപ്പൽ: June. 10 - 07.30 am, June. 24 - 07.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

### ഇംഗ്ലീഷ് വി. കുർബ്ബാന

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

## വിവാഹം

ഗിരിനഗർ നോർത്ത് ഇഞ്ചക്കലോടിൽ ശ്രീ. ജോൺ തോമസിന്റെയും ഡോ. അന്ന ജോണിന്റെയും മകൻ **തോമസ് ജോണും** ഭാരതി ലേ ഔട്ട് കാട്ടൂക്കാരൻ ശ്രീ. ബാബു വർഗ്ഗീസ് കാട്ടൂക്കാരന്റെയും ശ്രീമതി. ഷീബ ബാബുവിന്റെയും മകൾ **ബസ്സി ബാബുവും** തമ്മിലുള്ള വിവാഹം 06-05-2018 ൽ കത്രീഡലിൽ നടന്നു.

പാലാരിവട്ടം എ. സി. സിറ്റി അപ്പാർട്ട്മെന്റ് ശ്രീ. ടി. കെ. രാജുവിന്റെയും ശ്രീമതി. കുഞ്ഞുമോൾ രാജുവിന്റെയും മകൻ **ജേക്കബ് രാജുവും** അർത്തുങ്കൽ കുരിശിങ്കൽ പരേതനായ ശ്രീ. ടി. വി. ജോണിയുടെയും ഡോ. ബിജു ജോണിയുടെയും മകൾ **ഡോ. ഒലിവിയ ബിജു ജോണിയും** തമ്മിലുള്ള വിവാഹം 20-05-2018 ൽ കത്രീഡലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## OCYM Office Bearers

OCYM Annual General body was held on 08 April 2018 at Cathedral, Presided by Vicar Rev. Fr. Jiju Varghese and assisted by Rev. Fr. Paul George. During the meeting the following were elected as OCYM office bearers for the year 2018-19.

Secretary: Ajith Thankachen, Joint Secretary: Roshith Joshy, Treasurer: Jiya Mariam Raj.

Committee Members: Rijo Mohan C, Dr. Cymble Simon, Eldo Cherian Paul, Anooj Jacob.





## OVBS കത്തീഡ്രലിൽ


















മെയ് 2 മുതൽ 7 വരെ OVBS നടത്തുകയുണ്ടായി. കത്തീഡ്രൽ വൈദികരെക്കൂടാതെ, മുൻ ഭദ്രാസന സൺഡേസ്കൂൾ ഇസ്പെക്ടർ ശ്രീ. പൗലോസ് ചെറിയാൻ ശ്രീ. ബെന്നി പോൾ, ഭദ്രാസന സൺഡേസ്കൂൾ ഇൻസ്പെക്ടർ ശ്രീ. ഡാലസ് ചെറിയാൻ എന്നിവർ കത്തീഡ്രലിലെ അദ്ധ്യാപകരോടൊപ്പം മുഴുവൻ സമയവും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ബഹു. ഓ.വി. ഏലിയാസ് അച്ചന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. OVBSന്റെ വിജയത്തിനായി പ്രവർത്തിച്ച അദ്ധ്യാപകരും, സൗകര്യങ്ങളൊരുക്കിയ കത്തീഡ്രൽ വൈദികരും, ഭരണസമിതിയും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.



## പെന്തിക്കോസ്തി

മെയ് 20-ാം തീയതി പെന്തിക്കോസ്തി ശുശ്രൂഷകൾ തിരുവനന്തപുരം ഭദ്രാസന അധിപൻ അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, ബഹു. ജിജു വർഗ്ഗീസ് അച്ചൻ, സൈമൺ അച്ചൻ, പോൾ ജോർജ് അച്ചൻ എന്നിവരുടെ സഹകാർമ്മികത്വത്തിലും ആചരിച്ചു.

## അഭിനന്ദനം



### നിയ സൂസൻ ചാലി

CBSE പത്താം ക്ലാസ് പരീക്ഷയിൽ 99 ശതമാനം മാർക്കോടെ 5th rank (All India) കരസ്ഥമാക്കിയ രാജഗിരി പബ്ലിക് സ്കൂൾ വിദ്യാർത്ഥിനി **നിയ സൂസൻ ചാലി** നമ്മുടെ ഇടവകാംഗം ജസ്റ്റിസ് ഷാജി പി. ചാലിയുടെയും ശ്രീമതി. മിനി അന്ന ചാലിയുടെയും മകളാണ്



### റൂബൻ കോശി

CBSE പത്താം ക്ലാസ് പരീക്ഷയിൽ 93.5 ശതമാനം മാർക്ക് നേടി വിജയിച്ച **റൂബൻ കോശി** (Reuben Koshy) ഗ്രിഗോറിയൽ പബ്ലിക് സ്കൂൾ വിദ്യാർത്ഥിയും, നമ്മുടെ ഇടവകാംഗവും, കൊച്ചി ഭദ്രാസന കൗൺസിൽ അംഗവുമായ ശ്രീ. അനിൽ കെ. കോശിയുടെയും, ശ്രീമതി. റേച്ചൽ കോശിയുടെയും മകനുമാണ്.

## പ്രത്യേക പരിപാടികൾ - പ്രതിമാസ ധ്യാനം

പ്രതിമാസ ധ്യാനം ജൂൺ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു.